# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ജൂലൈ 17**

---

## എം.ജി.യു.: ആഗോള ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടംനേടിയ 19 ഗവേഷകരെ ആദരിച്ചു

*സൈ-റാങ്ക് ആഗോള ശാസ്ത്രജ്ഞരുടെ പട്ടികയിൽ ആദ്യ അഞ്ച് ശതമാനത്തിൽ* (SCI-Rank Global World's Top 5% Scientists List) *ഇടംപിടിച്ച മഹാത്മാഗാന്ധി സർവകലാശാലയിലെ 19 അധ്യാപകരെയും ഗവേഷകരെയും സർവകലാശാല ആദരിച്ചു.*

*ചടങ്ങിൽ ശാസ്ത്രജ്ഞരെ അഭിനന്ദിച്ച് സംസാരിച്ച വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, അവർ രാഷ്ട്രശില്പികളാണെന്ന് അഭിപ്രായപ്പെട്ടു. 'ഈ വ്യക്തികൾ ശാസ്ത്രജ്ഞരും അധ്യാപകരും എന്നതിനപ്പുറം യഥാർത്ഥ രാഷ്ട്രശില്പികളാണ്. സമൂഹത്തിൻറെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി അറിവ് ഉത്പാദിപ്പിക്കുക, നൂതന സാങ്കേതികവിദ്യകൾ, ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദപരമായ സമീപനങ്ങൾ എന്നിവ വികസിപ്പിക്കുക തുടങ്ങിയവയാണ് ഇവരുടെ ഗവേഷണങ്ങളുടെ ലക്ഷ്യം. ഒരു സർവകലാശാലയുടെ ഏറ്റവും വലിയ കരുത്ത് അവിടുത്തെ ആളുകളുടെ മികവാണ്. ഇവരുടെ നേട്ടങ്ങൾ മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് മാത്രമല്ല, കേരളത്തിനും ഇന്ത്യയ്ക്കും അഭിമാനകരമാണ്,' അദ്ദേഹം പറഞ്ഞു.*

*രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ്ജ് വർഗീസ്, കൺട്രോളർ ഓഫ് എക ്സാമിനേഷൻസ് ഡോ. ശ്രീജിത്ത് സി.എം., ഫിനാൻസ് ഓഫീസർ ശ്രീ. ബിജു മാത്യു, റിസർച്ച് ഡയറക്ടർ പ്രൊഫ. (ഡോ.) ജയചന്ദ്രൻ കെ. എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സൈ റാങ്കിങ്ങിൽ ഉൾപ്പെട്ട ശാസ്ത്രജ്ഞരും മുൻ വൈസ് ചാൻസലർമാരുമായ പ്രൊഫ. (ഡോ.) സാബു തോമസ്, പ്രൊഫ. (ഡോ.) സി.ടി. അരവിന്ദകുമാർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ: ഇരിക്കുന്നവർ (ഇടത്തു നിന്ന് വലത്തോട്ട്): പ്രൊഫ. ജയചന്ദ്രൻ കെ., ഡോ. ശ്രീജിത്ത് സി.എം., പ്രൊഫ. സുരേഷ് മാത്യു, ഡോ. ഉഷ രാജമ്മ, പ്രൊഫ. സി. ടി. അരവിന്ദകുമാർ, പ്രൊഫ. ഡി. മാവൂതു, പ്രൊഫ. സാബു തോമസ്, പ്രൊഫ. സിറിയക് ജോസഫ്, ശ്രീ. ബിജു മാത്യു, പ്രൊഫ. ഡോ. ബിനു ജോർജ്ജ് വർഗീസ്, പ്രൊഫ. ബീന മാത്യു. നിൽക്കുന്നവർ (വലത്തുനിന്ന് ഇടത്തോട്ട്): ഡോ. ഷാരെൽ റിബെല്ലോ, ഡോ. ദിവ്യ കെ., ഡോ. കൃഷ്ണൻ കർത്താ കളത്തിൽ, ഡോ. ഡിനു ഡിക്സൺ, പ്രൊഫ. ബിജു പി. ആർ., പ്രൊഫ. രാധാകൃഷ്ണൻ ഇ. കെ., പ്രൊഫ. നന്ദകുമാർ കളരിക്കൽ, ഡോ. സിബു സൈമൺ, ഡോ. ശ്രീകല എം. എസ്., പ്രൊഫ. കെ. പി. മോഹനകുമാർ, പ്രൊഫ. ജിഷ എം. എസ്.*

*(പി.ആർ.ഒ/655/2026)*

## എം.ജി.യു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരുടെ പരിശീലന ക്യാമ്പ് ആരംഭിച്ചു

*മഹാത്മാഗാന്ധി സർവകലാശാല എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർമാർക്കായുള്ള ത്രിദിന സഹവാസ പരിശീലന ക്യാമ്പ് ജൂലൈ 17-ന് ഡീപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ ആരംഭിച്ചു. എൻ.എസ്.എസ് റീജിയണൽ ഡയറക്ടർ വൈ. എം. ഉപ്പിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു.*

*യുവജനങ്ങളെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ എൻ.എസ്.എസ്. വഹിക്കുന്ന പങ്ക് നിസ്തുലമാണെന്ന് വൈസ് ചാൻസലർ പ്രസ്താവിച്ചു.*

*യൂത്ത് ഓഫീസർ പിയൂഷ്, യൂണിവേഴ്സിറ്റി എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഇ. എൻ. ശിവദാസൻ, ഡിസ്റ്റ് കോളേജ് മാനേജർ ഫാ. ഡോ. റോബിൻ ചിറ്റൂപറമ്പിൽ, പ്രിൻസിപ്പാൾ ഫാ. ഡോ. ജോണി ചാക്കോ മംഗലത്ത്, ജില്ലാ കോർഡിനേറ്റർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ: എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർമാർക്കായുള്ള ത്രിദിന സഹവാസ പരിശീലന ക്യാമ്പ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്യുന്നു.*

*(പി.ആർ.ഒ/656/2026)*

## പരീക്ഷാഫലം

*മൂന്നാം സെമസ്റ്റർ എംഎസ്.സി അപ്ലൈഡ് കെമിസ്ട്രി, ഫിസിക്സ്, (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 30 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*------------------*

*മൂന്നാം സെമസ്റ്റർ എംഎസ്.സി മാത്തമാറ്റിക്സ്, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ ആനലിറ്റിക്സ്) എംഎ മലയാളം, ഹിന്ദി, ഹിസ്റ്റോറിക്കൽ സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ് (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*------------------*

*അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*------------------*

*രണ്ടാം സെമസ്റ്റർ എംഎസ് സി ഫിസിക്സ്, കെമിസ്ട്രി (2017, 2018 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് സ്പെഷ്യൽ റീഅപ്പിയറൻസ്) ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/657/2026)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ (സിബിസിഎസ്) ബിഎ മ്യൂസിക് വോക്കൽ (2023 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) പ്രാക്ടിക്കൽ ജൂലൈ 25ന് തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*------------------*

*രണ്ടാം സെമസ്റ്റർ എംഎ ഭരതനാട്യം, മോഹിനിയാട്ടം (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024*

*അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 22, 23, 24 തീയതികളിലായി തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/658/2026)*

## <u>വൈവ വോസി</u>

*നാലാം സെമസ്റ്റർ എംഎസ്.സി  ക്ലിനിക്കൽ ന്യൂട്രിഷൻ ആൻറ് ഡയറ്റെറ്റിക്സ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ  അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി  പരീക്ഷകൾ ജൂലൈ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/659/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**